10. ഓമല്ലൂർ ശുദ്ധജല വിതരണ പദ്ധതി

ശ്രീ. കെ. ശിവദാസൻ നായർ : സർ, എന്റെ നിയോജകമണ്ഡലമായ പത്തനംതിട്ടയിൽ ഓമല്ലൂർ ശുദ്ധജല വിതരണ പദ്ധതിക്ക് മാസത്തിൽ പത്തു ദിവസം പോലും പ്രവർത്തിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. സബ്മെഴ്സിബിൾ പമ്പാണ് ഉപയോഗിച്ചിരിക്കുന്നത്. അത് കേടുവന്നു കഴിഞ്ഞാൽ നന്നാക്കാൻ പണമില്ല. പത്തും ഇരുപതും ദിവസങ്ങൾ കഴിഞ്ഞെങ്കിൽ മാത്രമേ അത് നന്നാക്കിയെടുക്കാൻ കഴിയുന്നുള്ളൂ. കോൺട്രാക്ടേഴ്സ് ആരും ഈ പമ്പ് സെറ്റുകൾ നന്നാക്കാൻ തയ്യാറാകുന്നില്ല. കാരണം ഭീമമായ തുക അവർക്ക് കൊടുത്തു തീർക്കാനുണ്ട്.. ബൂസ്റ്റർ പമ്പും വളരെ പഴയതാണ്. അതും കേടാകുന്നു, അത് നന്നാക്കാനും ആളില്ല. കുടിവെള്ള ക്ഷാമം അതിരൂക്ഷമായിരിക്കുന്ന ഈ സമയത്ത് ആ പമ്പ് ഹൗസിൽ ഇടതടവില്ലാതെ വെള്ളം പമ്പ് ചെയ്യുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളണം. റിപ്പയർ ചെയ്തുകഴിഞ്ഞാൽ അതിന് പണം കൊടുക്കണം. റിപ്പയർ ചെയ്താൽ പോലും ഈ പമ്പ് സെറ്റുകൾക്ക് പ്രവർത്തിക്കാനുള്ള പവറില്ല. അതുകൊണ്ട് അഡീഷണലായി ബൈസ്റ്റാൻഡ് പമ്പെങ്കിലും അവിടെ കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ശുദ്ധജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ ഉന്നയിച്ചതെങ്കിലും സംസ്ഥാനത്തെ ഒരു പൊതുവായ പ്രശ്നമാണ് ഈ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽ വന്നിട്ടുള്ളത്. പത്തും ഇരുപതും ഇരുപത്തിയഞ്ചും വർഷത്തെ കാലപ്പഴക്കംകൊണ്ട് സംസ്ഥാനത്തെ വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകളിലെ പമ്പുകളുടെ എഫിഷ്യൻസി ഗണ്യമായി കുറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ സംസ്ഥാനത്തെ പത്തു-പതിനഞ്ചു വർഷത്തിനു മുകളിലുള്ള മുഴുവൻ പമ്പ് സെറ്റുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഏതാണ്ട് 36 കോടി രൂപ ചെലവഴിച്ച് വാട്ടർ അതോറിറ്റി പമ്പ് ഹൗസുകളിലെ കാലപ്പഴക്കം ചെന്നതും എഫിഷ്യൻസി കുറഞ്ഞതുമായ പമ്പുകളും മോട്ടോറുകളും മാറ്റിവയ്ക്കുന്നതിനുള്ള ഭരണാനുമതി കഴിഞ്ഞയാഴ്ച നൽകിയിട്ടുണ്ട്. അതിന്റെ ടെണ്ടർ നടപടികൾ ആയി. ഈ വരൾച്ചാകാലത്തുതന്നെ മോട്ടോറുകളും പമ്പ് സെറ്റുകളും ബൈസ്റ്റാൻഡ് പമ്പ് സെറ്റുകൾ ഉൾപ്പെടെയുള്ളവയും സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിച്ച പ്രശ്നം പത്തനംതിട്ട മുനിസിപ്പാലിറ്റിയോട് ചേർന്നുകിടക്കുന്ന ഓമല്ലൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ ബൂസ്റ്റർ പമ്പ് ഹൗസിലെ പമ്പ് സെറ്റുമായി ബന്ധപ്പെട്ട വിഷയമാണ്. ആ മണ്ഡലത്തിന്റെ തന്നെ റിവ്യൂ നടത്തിയപ്പോൾ ഈ പ്രശ്നം ഉന്നയിക്കപ്പെടുകയും ബൂസ്റ്റർ പമ്പ് ഹൗസിൽ 60 എച്ച്.പി.-യുടെ ഒരു സി.എഫ്. പമ്പ് സെറ്റ് മാറ്റിവയ്ക്കാനുള്ള അനുമതി ഇതിനകംതന്നെ ഗവൺമെന്റ് നൽകിയിട്ടുമുണ്ട്. ഇതനുസരിച്ചുള്ള തുടർനടപടികൾ വളരെ പെട്ടെന്ന് പൂർത്തിയാക്കി പമ്പ് സെറ്റ് മാറ്റിവയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതിനുള്ള ഭരണാനുമതി ഇതിനകംതന്നെ നൽകിക്കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly